**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5872** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നഗരസഭ പരിധിയിലെ കോട്ടയ്ക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | തിരൂരങ്ങാടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുള്ള കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ രൂപീകരിക്കുന്നതിന് 24/02/2016-ൽ കെ.എസ്.ഇ.ബി.എൽ. അനു മതി നൽകിയിരുന്നു. വാടക രഹിത കെട്ടിടമോ അല്ലെങ്കിൽ കുറഞ്ഞത് 10 സെന്റ് സ്ഥലം സൗജന്യമായോ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. ഇവയിലേതെങ്കിലും ഒന്ന് ലഭ്യമാകുന്നതു വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വാടക രഹിത കെട്ടിടത്തിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇന്ത്യനൂർ ഉൾപ്പെടുന്ന കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ കീഴിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സൗകര്യപ്ര ദമായ കെട്ടിടം നാളിതുവരെ ലഭ്യമായിരുന്നില്ല. ഈസ്റ്റ് വില്ലൂരിലുള്ള തഹസീനുൾ മുളിമീൻ സംഘം ആദ്യത്തെ 3 വർഷം സൗജന്യമായും തുടർന്ന് വരുന്ന 3 വർഷം 15000 രൂപ നിരക്കിൽ കോട്ടക്കൽ മുൻസിപ്പാലിറ്റി വാടക നൽകിയും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് 16/06/2021-ൽ കെ.എസ്.ഇ. ബി.എൽ. ഉത്തരവ് നൽകിയിരുന്നു. കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ സെക്ഷൻ ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല |
| (ബി) | പ്രസ്തുത സെക്ഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തിരൂരങ്ങാടി ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുള്ള കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ രൂപീകരിക്കുന്നതിന് 24/02/2016-ൽ കെ.എസ്.ഇ.ബി.എൽ. അനു മതി നൽകിയിരുന്നു. വാടക രഹിത കെട്ടിടമോ അല്ലെങ്കിൽ കുറഞ്ഞത് 10 സെന്റ് സ്ഥലം സൗജന്യമായോ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. ഇവയിലേതെങ്കിലും ഒന്ന് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാകുന്നതു വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വാടക രഹിത കെട്ടിടത്തിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇന്ത്യനൂർ ഉൾപ്പെടുന്ന കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ കീഴിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സൗകര്യപ്ര ദമായ കെട്ടിടം നാളിതുവരെ ലഭ്യമായിരുന്നില്ല. ഈസ്റ്റ് വില്ലൂരിലുള്ള തഹസീനുൾ മുളിമീൻ സംഘം ആദ്യത്തെ 3 വർഷം സൗജന്യമായും തുടർന്ന് വരുന്ന 3 വർഷം 15000 രൂപ നിരക്കിൽ കോട്ടക്കൽ മുൻസിപ്പാലിറ്റി വാടക നൽകിയും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് 16/06/2021-ൽ കെ.എസ്.ഇ. ബി.എൽ. ഉത്തരവ് നൽകിയിരുന്നു. കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ സെക്ഷൻ ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ